# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4242 — 25/06/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ആശുപത്രികളിൽ ക്യാൻസർ നിർണ്ണയ, ചികിത്സാ സൗകര്യങ്ങൾ നിലവിലുണ്ടോ; | (എ) | ക്യാൻസർ നിർണ്ണയ സൗകര്യം നിലവിലുണ്ട്. എന്നാൽ ചികിത്സ സൗകര്യം നിലവിലില്ല. |
| (ബി) | ഇല്ലെങ്കിൽ ഇ.എസ്.ഐ. ആശുപത്രികളിൽ ഇത്തരം സേവനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഡിസ്പെൻസറികളിൽ ഇപ്പോൾ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ക്യാമ്പുകൾ സംഘടിപ്പിച്ചും പ്രാഥമിക പരിശോധനകളിൽ കൂടിയും രോഗ നിർണ്ണയം നടത്തുകയും, തുടർചികിത്സയ്ക്കായി എംപാനൽഡ് ആശുപത്രികളിലേക്കും റീജിയണൽ ക്യാൻസർ സെന്ററിലേക്കും റഫർ ചെയ്തും വരുന്നുണ്ട്. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിന്റെ 2017-18 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഫെറോക്ക്, പേരൂർക്കട ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ